
ഗവൺമെന്റ് എച്ച്. എസ്. എസ്
തൊടിയൂർ
അരങ്ങ്

**LK/2018/41037**

# EDITORIAL BOARD

## STUDENT EDITORS



DEVIKA.V.J



AL SHIFANA.S



AJMAL.N

**NADHIL . T**
**ADHITHYAN . M**
**NIHAS .N**
**SACHU RAGHAV .S**
**SHERINSHA .S**
**AYOOBKHAN .S**
**ADHITHYAKUTTAN .A.O**
**SAJINA .S**
**MUHAMMED SABITH .S**
**ANUJA .M**
**AFSAL .R**
**VIMAL RAJ**

LITTLE KITES

2019-21

**ANANDU. A**
**KASHINADHAN .M**
**DEVANARAYANAN . J**
**ARAVIND .S**
**AKASH .A**
**FATHIMA .S**
**RESHMA .S**
**ADHITHYA .S**
**ANSIL .H**
**ANSHANA .S**
**AKHINESH . D**


**KITE MASTERS:** JISHNU RAJ
VINCY PAPPACHAN

**COVER DESIGN:** ANI VARAVILA



ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "അരങ്ങ്" പുറത്തിറങ്ങുന്നു. അതിയായ സന്തോഷമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ വലിയൊരു മുന്നേറ്റത്തിന്റെ ഫലമാണിത്. പൊതു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തി അന്തർദ്ദേശീയ നിലവാരത്തിൽ ആക്കുക എന്നത് കേരള സർക്കാരിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഭാവിയുടെ വാഗ്ദാനങ്ങളായ കുരുന്നുകൾ തയ്യാറാക്കിയ അരങ്ങിലെ ഓരോ അവതരണത്തിനും നന്ദി. ഓരോ അംഗവും കലാപരമായ കഴിവുകൾ ഇവിടെ പ്രദർശിപ്പിച്ചു. പിന്നെ മിഴിവേകാൻ കുറെ സ്കൂൾ പ്രവർത്തനങ്ങളും..... ഏകദേശം ഒരു വർഷം നീണ്ടു നിന്ന ചിട്ടയായ പ്രവർത്തനങ്ങൾ അരങ്ങിലെത്തുമ്പോൾ അതിനു ചുക്കാൻ പിടിച്ചവരെയും എന്റെ പ്രിയപ്പെട്ട ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അനുമോദിക്കാതിരിക്കാനാവില്ല. സ്നേഹത്തോടെ .... സന്തോഷത്തോടെ..... ആശംസകൾ നേരുന്നു.

**SREEJA GOPINATH**
**HEAD MISTRESS**
**GHSS THODIYOOR**



" വിധിയേയും വ്യവസ്ഥയേയും
നിരാകരിക്കുകയും
നമ്മുടെ വിധി നാമാകുന്നു എന്ന് തിരുത്തുകയും
ചെയ്യുന്നവർക്ക് ഓരോ നിമിഷവും
പരീക്ഷണമായിരിക്കും .

പഠിച്ചു വച്ച ഉത്തരങ്ങളൊന്നും എഴുതാൻ
കഴിയാത്ത പരീക്ഷകൾ.
ഓതിയതൊന്നും ഒന്നുമല്ല എന്ന അറിവുകൾ .
ഇങ്ങനെ ചോദ്യങ്ങൾ ചോദിക്കുകയും
ഉത്തരങ്ങളായിത്തീരുകയും ചെയ്യുന്നവരാണ്
കാലത്തെയും ലോകത്തേയും സൃഷ്ടിക്കുന്നത് .
സ്വസ്ഥത അവരെ അസ്വസ്ഥരാക്കും !
പ്രയോഗത്തിലാണ് തത്വങ്ങൾ തെളിയുന്നത് ."

എം.എൻ.വിജയൻ മാഷ്

## ഉള്ളടക്കം


1. നേട്ടങ്ങൾ 2018-19 ........ 7
2. പ്രവേശനോത്സവം ........ 9
3. ചണ്ഡാലഭിക്ഷുകിയും കേരള നവോത്ഥാനവും ........ 10
4. മക്കൾക്കൊപ്പം ........ 11
5. ഓണാഘോഷം ........ 12
6. കലോത്സവം ........ 13
7. കുരുത്തോലക്കൂട്ടം ........ 14
8. പഠനയാത്ര – 2019 ........ 15
9. Little kites ........ 18
10. Seed club ........ 22
11. പാഠം 1 – പാടത്തേക്ക് ........ 23
12. Moon day ........ 23
13. JRC ........ 24
14. Hello English ........ 26
15. വിദ്യാലയ മികവിൽ ........ 27
16. കളിമുറ്റം - സീസൺ 2 ........ 28
17. ഗാന്ധിജിയെ ഓർത്തെടുക്കുമ്പോൾ ........ 29
18. പഠനയാത്ര - ആഗസ്റ്റ് ........ 30
19. ടെസ്ല പാർക്കിലെ വിസ്മയങ്ങൾ ........ 31
20. Periodic table ........ 32
21. ആസ്വാദനം ........ 33
22. പ്രണയം ........ 34
23. പൂമ്പാറ്റയോട് ........ 35
24. ശാസ്ത്ര ലേഖനം ........ 36
25. ചിത്രശലഭം ........ 37
26. ജീവിതയാത്ര ........ 38
27. ചോദ്യങ്ങൾ..ഉത്തരങ്ങൾ ........ 39
28. കണ്ടൽക്കാടുകൾ ........ 40
29. 19-times table ........ 41
30. Story ........ 43
31. The water in the pool ........ 44
32. Tell me why? ........ 45
33. ചിത്രജാലകം ........ 46
34. Pencil art ........ 50
35. ഫലശ്രുതി ........ 51

# തുടർച്ചയായ എട്ടാം വർഷവും നൂറു ശതമാനം വിജയം

നക്ഷത്രത്തിളക്കം" ( SSLC നൂറ് ശതമാനം വിജയവുമായി തൊടിയൂർ ഗവ.ഹൈസ്ക്കൂൾ)



## SSLC
**വിജയികൾ**







NMMS WINNER

LEKSHMI.S

***GIFTED CHILD***

MADHAV .A




പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
ഗവ: ഹയർ സെക്കന്ററി സ്കൂൾ
തൊടിയൂർ
സ്കൂൾ
പ്രവേശനോത്സവം
2019 ജൂൺ 6 വ്യാഴം രാവിലെ 10 മണി
ഉദ്ഘാടനം: ശ്രീ. ചവറ കെ.എസ് പിള്ള
(കവി , ലൈബ്രറി കൗൺസിൽ
സംസ്ഥാന വൈസ് പ്രസിഡന്റ്)
മികവ് പ്രദർശനം
പ്രതിഭകളെ ആദരിക്കൽ
സ്കൂൾ ലോഗോ പ്രകാശനം
വൺമാൻഷോ
കലാപരിപാടികൾ






തൊടിയൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിൽ സോഷ്യൽ സയൻസ് ക്ലബ്ബ് ഉദ്ഘാടനത്തോടനുബന്ധിച്ച് ചണ്ഡാലഭിക്ഷുകിയും കേരള നവോത്ഥാനവും എന്ന വിഷയത്തിൽ മാധ്യമ പ്രവർത്തകൻ ശ്രീ . പി കെ അനിൽകുമാർ പ്രഭാഷണം നടത്തുന്നു.ചടങ്ങിൽ സീനിയർ അസിസ്റ്റന്റ് വിജയകുമാരി അദ്ധ്യക്ഷയായി. ക്ലബ്ബ് കൺവീനർ എ സലാം സ്വാഗതം പറഞ്ഞു അദ്ധ്യാപകരായ ബി.രാജേന്ദ്രൻ, ജിഷ്ണു രാജ് എന്നിവർ ആശംസയും അനീഷ് കുമാർ കൃതജ്ഞതയും പറഞ്ഞു



നിരവധി ഘടകങ്ങളുടെ സങ്കലനമാണ് കേരളീയ നവോത്ഥാനം........ വിപ്ലവത്തിന്റെയും സ്നേഹത്തിന്റെയും ഗായകനായിരുന്ന കുമാരനാശാൻ ചണ്ഡാലഭിക്ഷുകിയിൽ ചോദിച്ച ചോദ്യം -- .... ചണ്ഡാലിതൻ മെയ് ദ്വിജ ബീജ പിണ്ഡത്തി നൃക്ഷര മോ എന്നത് ജാതീയതയുടെ രാവണൻ കോട്ടകളെ ഇളക്കി മറിച്ചു :- '' - പ്രിയപ്പെട്ട കുഞ്ഞുങ്ങളേ: ----- .നവോത്ഥാനം അനസ്യൂതമായ ഒരു പ്രക്രിയ ആണ്. അത് പൂർത്തീകരിക്കപ്പെടേണ്ടത് നിങ്ങളിലൂടെയാണ്....... ബുദ്ധൻ ശുഷ്യനായ ആനന്ദനോട് പറഞ്ഞ വാക്കുകൾ നിങ്ങൾ ഹൃദയത്തിലേറ്റ് വാങ്ങുക.. -- .. നീ തന്നെ നിന്റെ വിളക്കാവുക




മക്കളോടുള്ള സ്നേഹവും കരുതലുമായി കൂടിയ അരശതം അമ്മമാർ ... അവരുടെ ഇടയിലേക്ക് വിജയകുമാർ അണ്ണന്റെ നേതൃത്യത്തിൽ ദേശാഭിമാനിയിലെ സുരേഷണ്ണനും പ്രിയ സുഹൃത്തുകൂടിയായ സാജനും പകർന്നാടിയ അതിജീവനത്തിന്റെയും മാനവികതയുടെയും രസതന്ത്രം ഒളിപ്പിച്ച വെച്ച ഇടപെടലുകൾ .

ഒറിഗാമിയിൽ തുടങ്ങിയ ആകാംക്ഷകൾ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യപേപ്പറിൽ ഉത്തരം കറുപ്പിച്ച് കുറവു മാർക്ക് നേടിയവർക്ക് ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ പങ്കിട്ടു കൊടുക്കുന്നതിൽ എത്തിച്ചു. (പത്ത് സമ്മാനങ്ങൾ വരെ കൊടുക്കാൻ തയ്യാറായ വിജയകുമാറണ്ണന്റെ വലിയ മനസിനെ നന്ദിയോടെ ഓർക്കുന്നു)

നാം പരിചയിച്ച കഴിഞ്ഞ മാനവികതയുടെ വലിയ പാഠങ്ങൾ ഓർമ്മപ്പെടുത്തിയ നിമിഷങ്ങൾ . തന്റെ മക്കളെ കരുപിടിപ്പിക്കുവാൻ മുക്കുറ്റിയാവാൻ തയ്യാറായ മനസുമായി കടന്നു പോയ മാതൃത്വങ്ങൾ. കൂട്ടായ്മയുടെ മറ്റൊരു വിജയഭേരിയുമായി ഒരു പറ്റം അധ്യാപക അനധ്യാപക സുഹൃത്തുക്കളും.



# ഓണാഘോഷം






**പ്രശസ്ത സിനിമാ പിന്നണി**
**ഗായകൻ മത്തായി സുനിലും കനൽ ഖത്തർ പുരസ്കാര**
**ജേതാവ് ബൈജു മലനടയും ചേർന്ന് തുടികൊട്ടി**
**ഉണർത്തിയ അരങ്ങ്...**



# കുരുത്തോലക്കൂട്ടം

ഗവ.ഹയർ സെക്കൻഡറി സ്കൂൾ തൊടിയൂരും പാട്ടുപുര ഫോക് ലോർ റിസർച്ച് & പെർഫോമിംഗ് സെന്ററും സംയുക്തമായിസംഘടിപ്പിച്ച കുരുത്തോല കൊണ്ടുള്ള നിർമ്മിതികളുടെ ശില്പശാല കുട്ടികൾക്ക് ഹൃദ്യമായ അനുഭവമായി.



പ്രകൃതിക്ക് ഇണങ്ങുന്ന അലങ്കാരപ്പണികളുടെ ക്ലാസ് നയിച്ചത് പാട്ടുപുരയുടെ കലാകാരൻ ശ്രീകുമാർ ആയിരുന്നു.

കുരുത്തോല കൊണ്ടുള്ള പൂക്കൾ, തൊപ്പി, തോരണങ്ങൾ, കളിവിളക്ക്, പക്ഷികൾ, ബൊക്കെ എന്നിവയുടെ പരിശീലനം നൽകി.

പ്രിൻസിപ്പാൾ KA വഹീദ ഹെഡ്മിസ്ട്രസ് ശ്രീജാ ഗോപിനാഥ് സ്റ്റാഫ് സെക്രട്ടറി സോമചന്ദ്രൻ അധ്യാപകരായ അനീഷ്, രാജേന്ദ്രൻ സലാം 'ജിഷ്ണ രാജ്.നന്ദകുമാർ



# പഠനയാത്ര - 2019

ഇതൊരു യാത്രയാണ്.... നാല് ചുവരുകൾക്കുള്ളിൽ കേട്ട ബോധനത്തിന്റെ അമൂർത്തതയിൽ നിന്ന് കാഴ്ചയുടെ മൂർത്തതയിലേക്ക്...പ്രകൃതിയുടെ സ്പന്ദനം ഏറ്റുവാങ്ങി ചരിത്രത്തിന്റെ ഇടനാഴിയിലൂടെ സംഘാടനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യത്തിന്റെയും ഒരധ്യായം കൂടി തീർത്ത യാത്ര.
പകൽ കാല പക്ഷികൾ ചേക്കേറുന്ന സായാഹ്നത്തിൽ തൊടിയൂരിന്റെ മണ്ണിൽ നിന്നും അധ്യാപകരോടൊപ്പം വിദ്യാർത്ഥികൾ എയർ ബസിലേക്ക് ... ചടുലതാളത്തിനൊപ്പം നൃത്തച്ചുവടുകളുമായി ഉല്ലസിക്കുന്ന കൗമാരങ്ങൾ... അങ്ങ് എപ്പോഴോ കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനത്തെ അത്താഴ സദ്യ...പതിയെ കിനാവിലേക്കും ഉറക്കത്തിലേക്കും.. ഉത്തരവാദിത്തബോധത്തിന്റെ കനവും പേറി ഉറക്കമകറ്റിയ കണ്ണുകളുമായി അധ്യാപകരും...




വയനാട് ചുരവും കടന്ന് മറ്റൊരു ഭാഷയും സംസ്കാരവും വരവേൽക്കുന്ന പ്രഭാതം.. എട്ട് മണിയോട് കൂടി ഹസനിൽ എത്തിയ കൂട്ടം.. അല്പ വിശ്രമത്തിന് ശേഷം വീണ്ടും കാഴ്ചകൾക്കായി ഒരുങ്ങിയ കൗമാരം. ഹോയ്സാല ചിത്രകലയുടേയും ശില്പകലയുടെയും സമന്വയം ബേലൂർ, ഹാലി ബീഡ് ക്ഷേത്രങ്ങൾ.അവർണ്ണനീയമായ ശില്പകലകൾ, തകർച്ചയുടെ നഷ്ട വസന്തങ്ങൾ...

ആകാംക്ഷകൾക്ക് വിരാമമിട്ട് ശ്രാവണ ബലഗോള.408 പടവുകൾ താണ്ടി ജൈന തീർത്ഥങ്കരന്റെ ഒറ്റക്കൽ പ്രതിമയുടെ നെറുകയിൽ.ഏഷ്യയിലെ ഏറ്റവും വലിയ പ്രതിമ എന്ന വിശേഷണം കെട്ടു പോയിരിക്കുന്നു. ബുദ്ധമത ശാസനങ്ങൾ ഉൾക്കൊള്ളുന്ന ശിലാലിഖിതങ്ങൾ. താഴ് വരയിൽ ഗ്രാമീണ കാഴ്ചകൾ. സായാഹ്നത്തോടെ മണിക്കൂറുകൾ താണ്ടി മൈസൂരിലേക്ക് .

മല കയറ്റം .സമുദ്രനിരപ്പിൽ നിന്നും 3500 അടി ഉയരമുള്ള ചാമുണ്ഡി ഹില്ലിലേക്ക് ... അടിവാരത്തിൽ ദീപക്കാഴ്ചകൾ ഒരുക്കി മൈസൂർ പട്ടണം.കയ്യിൽ വാളുമേന്തി മഹിഷാസുരൻ.നന്ദികേശൻ.വഴിവാണിഭക്കാർ.കരകൗശല വസ്തുക്കൾ .കോടമഞ്ഞിന്റെ തണുപ്പും പേറി മലയിറക്കം.ഒന്നാം ദിനം കാഴ്ചകൾക്ക് വിരാമം.

കൂട്ടിലടക്കപ്പെട്ട പക്ഷികളും ചില്ലലമാരയിലെ പാമ്പുകളും നിസംഗതയുടെ മോണകാട്ടി സന്ദർശകരെ സ്വാഗതം ചെയ്യുന്നു. ജാതികളും ഉപജാതികളുമായി വന്യജീവികളുടെ വൈവിധ്യം പേറുന്ന കാഴ്ചബംഗ്ലാവ്.ജിറാഫും ആഫ്രിക്കൻ ആനയും നീർന്നായയും കാട്ടുപോത്തും മാൻക്കൂട്ടങ്ങളും. അവിടുന്നും ഉഡയാർ ചക്രവർത്തിയുടെ രാജവസതിയിലേക്ക്. യൂറോപ്യൻ ഹിന്ദു -മുസ്ലിം



വാസ്തു ചാതുരി .1897 ൽ കൊട്ടാരം തീപിടിച്ച് നശിച്ചതിനെ തുടർന്ന് 1897-1912 കാലയളവിൽ കൃഷണ രാജ ഉഡയാർ നാലാമൻ 45 ലക്ഷം രൂപ ചിലവഴിച്ച് നിർമ്മിച്ച മണി സൗധം കാഴ്ചയുടെ വിരുന്നൊരുക്കി.പ്രൗഢവംശാവലി പരിചയപ്പെടുത്തുന്ന എണ്ണച്ചായ ചിത്രങ്ങൾ.ശില്പികളുടെ ഭാവിയിലേക്കുള്ള പകർത്തിയെഴുത്തായ കൊത്തുപണികളും ശില്പങ്ങളും, കാലം മാറാല വീഴ്ത്തി പിരിച്ചെഴുതിയ വൈദ്യുത പങ്കകളും വർണ്ണ വിളക്കുകളും അഴിച്ചു വെച്ച ചിലങ്കകളും നാട്യ മണ്ഡപങ്ങളും സിംഹാസനവും. പിരിയൻ കോണിപ്പടികൾ കയറുമ്പോൾ സ്വാഗതമരുളുന്ന ഉഡയാർ രാജവംശവും. രവിവർമ്മ ചിത്രങ്ങൾ രജപുത്ര സങ്കേതങ്ങളിലെഴുതിയ ചിത്രങ്ങൾ.ഫ്രഞ്ച് മ്യൂസിക്കൽ കലണ്ടർ ക്ലോക്ക്



തിരുവിതാംകൂറിലെ മേത്തൻ മണിയോട് സാദൃശ്യമുള്ള സമയ ഘടികാരം. പടച്ചട്ടകൾ പല്ലക്കുകൾ ആയുധശേഖരം അങ്ങിനെ ഉഡയാർ രാജ പ്രതാപത്തിന്റെ തിരുശേഷിപ്പുകൾ.

കാവേരി തീരത്ത് ടിപ്പു സുൽത്താൻ പണി തീർത്ത ജല തടവറ.രക്തസാക്ഷികളുടെ നിശബ്ദവിലാപങ്ങൾ മുഴങ്ങുന്ന ചുവരുകൾ. ശേഷം ടിപ്പു വെടിയേറ്റു വീണ സ്ഥലം ഒരു നോക്ക് കണ്ട് വേനൽക്കാല വസതിയിലേക്ക്. ടിപ്പുവിന്റെ പ്രതാപം കോറിയിട്ട ചുവർ ചിത്രങ്ങൾ.മൈസൂർ കൊട്ടാരത്തിന്റെയും മറ്റും ചുവപ്പ് വെളുപ്പ് വരകൾ.അതുവരെയുള്ള പാട്ടും നൃത്തവും നിന്നു. പക്ഷികളെ കാണണമെങ്കിൽ നിശബ്ദത നിർബന്ധം. രംഗൻ തിട്ടു പക്ഷിസങ്കേതം. പാറകൾക്കു മുകളിൽ വെയിൽ കായുന്ന മുതലകൾ.ദേശാടനക്കിളികളുടെ വഴിയമ്പലം .

കുടകിലെ ടിബറ്റൻ കോളനിയിലേക്ക്. അതിർത്തി കടന്നപ്പോൾ തന്നെ ഉയരം കുറഞ്ഞ ലാമകൾ. സുവർണ്ണ ക്ഷേത്രം അത്ഭുതപ്പെടുത്തി. നെഹ്റു വിന്റെ കാലത്ത് ഭാരതമാതിഥ്യമരുളിയ ബുദ്ധഭിക്ഷുക്കൾ. പെരുമ്പറയുടെയും ചേങ്ങിലയുടെയും താള നിബദ്ധതയിൽ മന്ത്രങ്ങൾ ഉരുവിടുന്ന ബുദ്ധഭിക്ഷുക്കൾ. അവിടെ നിന്നും കാവേരി നിസർഗധാമയിലെ മുളങ്കാടിലേക്ക്. പ്രകൃതിയോട് സല്ലപിക്കുന്ന കുരുന്നുകൾ .

കാഴ്ചകൾ തീരുന്നില്ല. ഉച്ചഭക്ഷണത്തിനു ശേഷം ചരിത്ര നഗരത്തോട് വിട പറഞ്ഞ് ആനകളും മയിലുകളും മാനുകളുമുള്ള ബന്ദിപ്പൂർ വനത്തിലൂടെയുള്ള യാത്ര തിരികെ നാട്ടിലേക്ക്. ഓർമ്മകളുടെ വേലിയേറ്റവും പേറി ആരംഭ ബിന്ദുവിലേക്ക്..





# PRELIMINARY CAMP CLASS IX



**TRAINING FOR CWSN &**
**CYBER SAFETY AWARENESS**



SMARTAMMA



## ONE DAY CAMP





## PRELIMINARY CAMP CLASS VIII



## DIGITAL POOKKALAM



## L K UNIFORM DISTRIBUTION



# SEED CLUB

SEED CLUB

2019-20 അധ്യയന വർഷത്തിൽ HS ,UP വിഭാഗങ്ങളിൽ നിന്നായി 95 കുട്ടികളെ



ഉൾപ്പെടുത്തി 24.07.2019 ന് സീഡ് ക്ലബ്ബ് ആരംഭിച്ചു.

സീഡിന്റെ തനതു പ്രവർത്തനമായ കാർഷിക പ്രവർത്തനത്തിൽ തൊടിയൂർ കൃഷി വകുപ്പിന്റെ സഹായത്തോടെ സ്കൂൾ കെട്ടിടത്തിന്റെ ടെറസിൽ എൺപതോളം ഗ്രോബാഗുകളിൽ തക്കാളി,മുളക്,വഴുതന,വെണ്ട,ചീര,പയർ എന്നിവ കൃഷി ചെയ്തു.

DECEMBER 12 ന് വിളവെടുപ്പ് ഉദ്ഘാടനം H.M നിർവഹിച്ചു. പച്ചക്കറികൾ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് നല്കുകയും ചെയ്തു.



# പാഠം ഒന്ന് --പാടത്തേക്ക്



## MOON DAY



## DONATION TO FLOOD RELIEF




## INDEPENDENCE DAY



## ദ്വിദിന സഹവാസ ക്യാമ്പ്






FRUIT FEST



## ഓണപ്പുടവ വിതരണം



# HELLO ENGLISH



A new program implemented by the govt of Kerala in 2018 -19, to improve English in elementary classes is the "Hellow English" program. In our school also we implemented this program last year successfully.

In this academic year also we are continuing this program. In 5th std we use "Know your students' package. This helps to understand the level of each and every student who are coming from different schools to our school. This helps to support them in overcoming their difficulties and challenges in learning English.

In other classes also we planned the units on the basis of hello English program. We tried to attain the objectives of the units in every lesson. The most remarkable point is that each and every student of the class can participate in different activities in a competitive mind. The acquisition of knowledge happened naturally and unknowingly through these games and activities. In class rooms they performed different activities like role play, skit, choreography which revealed their confidence, imagination and creativity.



To sum up we can develop the students confidence, motivation, participation and communication skill through this program.

SHEEBA .P.M

UPST

# വിദ്യാലയമികവിൽ

**തൊടിയൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു വർഷത്തെ മികവു പ്രവർത്തനങ്ങൾ രക്ഷിതാക്കളോടൊപ്പം അവതരിപ്പിച്ചപ്പോൾ :: -**



# കളിമുറ്റം - സീസൺ 2

**വാക്കും വഴിയുമായി ശശിധരൻ കുണ്ടറയും കുരുത്തോലക്കൂട്ടവുമായി ശ്രീകുമാർ പാട്ടുപുരയും പാട്ടരങ്ങുമായി ശാസ്താംകോട്ട പാട്ടുപുരയും അരങ്ങ് തകർത്തപ്പോൾ കുരുന്നുകൾക്ക് ഇത് മറക്കാനാവാത്ത അവധിക്കാലമായി ..**



S

# ഗാന്ധിജിയെ ഓർത്തെടുക്കുമ്പോൾ

ഗാന്ധിയെ ഓർക്കുക എന്നാൽ മറ്റുള്ളവരേയും സ്നേഹിക്കുക എന്നാണ്.ഗാന്ധിയെ ഓർക്കുക  എന്നാൽ സമരസപ്പെടുക എന്നാണ്.ഗാന്ധിയെ ഓർക്കുക എന്നാൽ സമൂഹത്തിലെ ഏറ്റവും ദരിദ്രന്റെയും കണ്ണീരൊപ്പുക എന്നാണ്.

ഇന്ത്യൻ ദേശീയതയുടെ കടിഞ്ഞാൺ എല്ലാ ജനവിഭാഗങ്ങൾക്കും കൂടി നൽകിയെന്നതാണ് ഗാന്ധിയുടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ പ്രധാന പങ്ക്. മതേതരത്വം കൊണ്ട് ഇന്ത്യക്ക് ഉണ്ടായ വിപത്തുകൾ എന്തൊക്കെ എന്ന ചോദ്യം സിവിൽ സർവ്വീസ് ചോദ്യാവലിയിൽ ഇടം പിടിച്ച ഈ കെട്ട കാലത്ത് വർഗീയയുടെ വിഷവിത്തുകൾ മുളക്കാതിരിക്കാൻ ഗാന്ധിജിയുടെ ഓർമ്മകൾ യുവതലമുറക്ക് കരുത്ത് പകരട്ടെ....

*ഗവ.ഹയർ സെക്കൻഡറി സ്കൂൾ തൊടിയൂരിൽ ഗാന്ധിജിയുടെ നൂറ്റിയൻപതാം ജന്മവാർഷികവുമായി ബന്ധപ്പെട്ട് "ഗാന്ധിജിയെ ഓർത്തെടുക്കുമ്പോൾ " എന്ന വിഷയത്തിൽ പുകസ ജില്ലാ എക്സിക്യൂട്ടീവ് അംഗം നൃപൻ ദാസ് പ്രഭാഷണം നടത്തുന്നു.*



# പഠനയാത്ര - ആഗസ്റ്റ് '19.

പഠന പ്രവർത്തനങ്ങൾ ക്ലാസ് മുറിക്കുള്ളിൽ ഒതുക്കാതെ ഒരോന്നുംഅനുഭവങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ വിവിധ ക്ലബ്ബുകൾ ഏകോപിപ്പിച്ച യാത്ര.

തൊടിയൂരിലെ ഏക സർക്കാർ പള്ളിക്കൂടത്തിൽ നിന്നു സായാഹ്നത്തിൽ ഒന്നു ചേർന്നവർ.കൊച്ചിമെട്രോയുടെ ഉയർന്നുപൊങ്ങിയ പ്ലാറ്റ് ഫോറത്തിൽ നിന്നു വിസ്മയങ്ങളുടെ പാളത്തിലേക്ക് കുതിച്ചെത്തിയ തീവണ്ടിയിൽ കയറിത്തുടങ്ങിയ ഉദ്യോഗക്കാഴ്ചകൾ.

ആധുനികോത്തര വിനോദ കേന്ദ്രത്തിലെ ഉറക്കമുണർന്ന് പ്രകൃതിയുടെ മടിത്തട്ടിലേക്ക്.നിരന്ന് ഒഴുകിയിടത്തു നിന്നും പർവ്വത മുത്തശ്ശി തന്റെ ഇടതൂർന്ന നരച്ച മുടി ചീകിയൊതുക്കും പോലെ കുത്തനെ വീഴുന്ന ജലപ്രവാഹം. അതിരപ്പള്ളി അൽഭുതമാകുന്നു!പിന്നീട് വിനോദ കേന്ദ്രത്തിലെ കൃത്രിമ തിരമാലയിൽ ആർത്തുല്ലസിച്ച കൗമാരങ്ങൾ കൂടെ സൗഹൃദം ഊട്ടിയുറപ്പിച്ച കരുത്തോടെ ഒരു അധ്യാപക സമൂഹം.

ഒരോ യാത്രകളും അങ്ങിനെയാണ് കൂടെ ചേരാൻ കഴിയാത്തവരുടെ വേദനയും പേറി കർത്തവ്യ ബോധത്തിന്റെ മറ്റൊരു ഏട് തീർത്തതിന്റെ ചാരിതാർത്ഥത്തിൽ നടന്നു കയറുന്ന പടവുകൾ.



# ടെസ്ല പാർക്കിലെ വിസ്മയങ്ങൾ ......

സപ്പോസ് കപ്പത്തണ്ട് ഈസ് എ ടെസ്റ്റ് ട്യൂബ് എന്നു പണ്ട് പറഞ്ഞു പഠിപ്പിച്ചതിൽ നിന്നും ന്യൂട്ടൺ ഒരു ചതുരശ്ര മീറ്റർ സമചതുരത്തിൽ കയറി നിന്നപ്പോൾ പാസ്കലായ അനുഭവങ്ങളിൽ കൂടിയുള്ള പഠനമായി മാറുന്ന കാലം.




ഡൈ ഈഥൈൽ ഈഥറും അസറ്റിലിനും സോഡിയം ഹൈഡ്രോക്സൈഡും നിറഞ്ഞ ക്ലാസ് മുറികകൾ ...ഐ സുകട്ടക്ക് തീപിടിപ്പിക്കുന്ന പരീക്ഷണങ്ങൾ... തേങ്ങാവെള്ളത്തിൽ ഈസ്റ്റ് ഇട്ടാൽ ഈ ഥൈൽ ആൽക്കഹോൾ കിട്ടുമെന്ന് പഠിപ്പിച്ചപ്പോൾ ചെയതു നോക്കാനൊരു ത്വര...

ഊർജ്ജതന്ത്ര ലാബ് എ സിയും ഡിസിയും 6D ഷോയും.. ക്യാപ്പിലറി ഇഫക്ടും തുടങ്ങി തുവലും നാണയം പരീക്ഷണത്തിലവസാനിക്കുന്ന പഠനപ്രവർത്തനങ്ങൾ... തോണ്ടേക്കും പാവ്ലോവും സ്കിന്നറും അവതരിപ്പിച്ച എഡ്യുക്കേഷണൽ സൈക്കോളജിയുടെ പ്രായോഗിക രൂപം കുട്ടികൾക്ക് പകർന്നു കൊടുക്കാൻ അവസരം കിട്ടിയതിൽ കൃതാർത്ഥരായ തൊടിയൂർ ഗവ.ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരും....

ജിഷ്ണ രാജ്, എച്ച്.എസ്.ടി.മാത്സ്




ലോകത്തിലെ ഏറ്റവും പ്രശസ്തമായ പട്ടിക ഏത് എന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ Periodic Table പ്രപഞ്ച വസ്തുക്കളുടെ രഹസ്യങ്ങളിലേക്ക് തുറക്കുന്ന വാതിലാണിത്. ഇന്നോളം അറിയപ്പെട്ട എല്ലാ മൂലകങ്ങളെയും (118) അടുക്കി വച്ച ഈ പട്ടികയെ പ്രപഞ്ചത്തിന്റെ സാംപിൾ എന്നു വിളിക്കാം. ഭൂമിയിലും അതിനപ്പുറവുമുള്ള പ്രപഞ്ച വസ്തുക്കളുടെ സ്വഭാവം, പ്രത്യേകതകൾ എന്നിവയൊക്കെ പ്രവചിക്കാൻ ഇത് ഗവേഷകരെ സഹായിക്കുന്നു. 150 വർഷം മുൻപ് ദിമിത്രി ഇവാനോവിച്ച് മെൻഡലീഫ് എന്ന റഷ്യൻ രസതന്ത്രജ്ഞൻ ചിതറിക്കിടന്നിരുന്ന മൂലകങ്ങളെ അവയുടെ ചില പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ അടുക്കി വച്ചപ്പോൾ അത് ആധുനിക രസതന്ത്രത്തിന്റെ അടിത്തറയായി മാറി. പിന്നീടങ്ങോട്ട് രസതന്ത്രത്തിലുണ്ടായ സകല നേട്ടങ്ങളുടെയും പിന്നിലെ സൂത്രധാരനായി ഈ പട്ടിക നിലനിന്നു. ഇപ്പോഴും അത് അങ്ങനെ തന്നെ തുടരുന്നു.



രസതന്ത്രത്തിനൊപ്പം ഭൗതികശാസ്ത്രത്തിന്റെയും ജീവ ശാസ്ത്രത്തിന്റെയുമൊക്കെ നേട്ടങ്ങളിൽ ഈ പട്ടിക കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. ജീവ ശാസ്ത്രത്തിൽ ഡാർവിന്റെ പരിണാമസിദ്ധാന്തത്തിനും ഭൗതികശാസ്ത്രത്തിൽ ന്യൂട്ടന്റെ ഭൂഗുരുത്വാകർഷണ നിയമത്തിനും തുല്യമാണ് രസതന്ത്രത്തിന് പീരിയോഡിക് ടേബിൾ. പീരിയോഡിക് ടേബിളിന്റെ ഈ പ്രാധാന്യം കണക്കിലെടുത്താണ് അതിന്റെ 150 – ആം ജന്മവാർഷികമായ 2019 പീരിയോഡിക് ടേബിൾ വർഷമായി ആചരിക്കാൻ UN തീരുമാനിച്ചത്. IUPAC യുടെ പിന്തുണയോടെ നടത്തുന്ന ഈ വർഷാചരണത്തിൽ IUPAP, യൂറോപ്യൻ അസോസിയേഷൻ ഫോർ കെമിക്കൽ ആൻഡ് മോളിക്യുലാർ സയൻസ്, ഇൻറർനാഷണൽ അസ്ട്രോണോമിക്കൽ യൂണിയൻ തുടങ്ങിയവരൊക്കെ പങ്കെടുക്കുന്നു.



# ആസ്വാദനം

ഓരോ പ്രാവശ്യവും പോസ്റ്റ്മാൻ തപാൽ കൊണ്ടുവരുമ്പോൾ ഞാനും കരുണാകരമേനോനും ആ കൂട്ടത്തിൽ ചരമക്കാർഡുകൾ വല്ലതും ഉണ്ടോ എന്ന് ആകാംക്ഷാപൂർവം പരതാൻ തുടങ്ങി, ചരമക്കാർഡ് കൈപ്പറ്റുന്ന ദിവസം,

ഏറെനേരത്തെ ആലോചനയ്ക്കുശേഷം അഡ്രസ്സ്ബുക്കെടുപ്പിച്ച് അയാൾ തന്നെ വിറയ്ക്കുന്ന വിരലുകൾകൊണ്ട് ഒരു പേര് വെട്ടി, ആ ദിവസങ്ങളിൽ അയാൾക്ക് മുൻശുണ്ഠി ഏറിയിരുന്നു, ഉള്ളിൽ ഒരു കൊടുങ്കാറ്റ് വീശിപ്പോയതുപോലെ ഒരുതരം മുതുക്കൻ പെരുമാറ്റം.

തുടക്കത്തിൽ പത്തുപന്ത്രണ്ട് മേൽവിലാസങ്ങളുമായി നടന്നു പോന്നിരുന്ന കത്തുകുത്തുകൾ നാല് മേൽവിലാസങ്ങളിലേക്ക് ചുരുങ്ങുന്നു എന്നറിഞ്ഞ ദിവസം വല്ലാത്തൊരു നടുക്കത്തോടെ ഞാൻ എന്റെ നിലനിൽപ്പിനെക്കുറിച്ചോർത്തു, എന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു എന്ന് ഞാൻ മനസ്സിലാക്കി, ആ ബോധം സ്വയം കാണാൻ എന്നെ സഹായിച്ചു, ഞാനും ഒരു ശവംവെച്ചുള്ള കാത്തിരിപ്പിലാണ്. ഞാൻ ഓർത്തു, പുറത്തേക്കു പോകുന്ന ഒരു ശ്വാസം അകത്തേയ്ക്ക് മടങ്ങിവരാതെയാവുന്ന നിർണായക മുഹൂർത്തം കാത്ത് ഞാൻ ഇരിക്കുന്നു...

നാലു കത്തുകളുടെ കാലാവധി...!!!!!

ഉദകപ്പോള_പത്മരാജൻ

# പ്രണയം



കെ.സോമചന്ദ്രൻ
**PET**

എനിക്ക് ജന്മമേകിയ അമ്മയേയും, അച്ഛനേയും,
കൂടപ്പിറപ്പുകളേയും മറന്ന കന്ന് ഞാൻ പോകുമ്പോഴും
എന്റെയുള്ളിൽ പ്രണയമുണ്ടായിരുന്നു......

തോളുരുമ്മി നടന്ന സൗഹൃദങ്ങൾ മറന്നകന്ന് ഞാൻ
പോകുമ്പോഴും എന്റെയുള്ളിൽ പ്രണയമുണ്ടായിരുന്നു ......

അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്ന് നൽകിയ ഗുരുസ്ഥാനിയരെ മറന്നകന്ന് ഞാൻ
പോകുമ്പോഴും എന്റെയുള്ളിൽ പ്രണയമുണ്ടായിരുന്നു .....

എന്നേ കരുതലായി കണ്ടവളേയും, എന്റെ നെഞ്ചിൽ തല ചായ്ച്ച മക്കളേയും മറന്നകന്ന്
ഞാൻ പോകുമ്പോഴും എന്റെയുള്ളിൽ പ്രണയമുണ്ടായിരുന്നു .....

എന്നേ ഹൃദയത്തിലേറ്റിയവനേയും, എന്നിലെ മാതൃത്വത്തെ അമൃതായ് നുണഞ്ഞുറങ്ങിയ
മക്കളേയും മറന്നകന്ന് ഞാൻ പോകുമ്പോഴും എന്റെയുള്ളിൽ പ്രണയമുണ്ടായിരുന്നു ......

ഒടുവിൽ,
ഒരുനാൾ എന്റെ പ്രണയങ്ങളെ മറന്നകന്ന് ഞാൻ തനിച്ചിരിക്കുമ്പോൾ,
വിറയാർന്ന എന്റെ കൈവിരൽത്തുമ്പുകൾ എന്നോട് മന്ത്രിച്ചു.....
നീ, ഇത്രനാളും പ്രണയിച്ചത് ഈ മൊബൈൽ ഫോണിനെ ആയിരുന്നു.

# പൂമ്പാറ്റയോട്

ചിത്രപതംഗമേ,നിന്നെ കണ്ടെൻ



ചിത്തം തുടിച്ചുയരുന്നു.

വാർമഴവില്ലിന്റെ സത്താൽ ത്തന്നെ

നാന്മുഖൻ നിൻമെയ് ചമച്ചു;

ആനന്ദത്തിന്റെ രസത്താൽ ത്തന്നെ

മാനസം തീർത്തതിൽ വച്ചു;

എൻമണിക്കുട്ടനു വാഴാനൊരു

നന്മലർത്തോട്ടവും നൽകി

ചെന്തളിർ ചൂടും ചെടികൾ പൂവാം

പൊൻതളികയ്ക്കകം നീളെ

തേനമൃതും ചുമന്നെങ്ങും നിൽപ്പൂ

ചേണിൽ നിൻ പൈദാഹമാറ്റാൻ.



KRISHNENDU.L.R
8A

## മാറുന്ന ലോകം

## ആർട്ടിഫിഷ്യൽ ഇൻറലിജൻസിലൂടെ......



സമയ ചക്രം ഉരുണ്ടുകൊണ്ടിരിക്കുന്നു. മാറ്റങ്ങൾ മനുഷ്യജീവിതത്തെ സ്വാധീനിച്ച് കൊണ്ടിരിക്കുന്നു. ഇതിൽ വലിയ വിപ്ലവം സൃഷ്ടിച്ച ഒരു മാറ്റം 2017-ൽ സൗദി അറേബ്യയിൽ വച്ചുണ്ടായി. ലോകത്തിലാദ്യമായി ഒരു യന്ത്രമനുഷ്യന് ഒരു രാജ്യം പൗരത്വം നൽകി. **സോഫിയ** എന്ന ഹ്യൂമനോയിഡ് (Humanoid) റോബോട്ടിന് സൗദി അറേബ്യ പൗരത്വം നൽകി. ഹാൻസൻ റോബട്ടിക്സ് എന്ന കമ്പനിയുടെ സ്ഥാപകനായ **ഡേവിഡ് ഹാൻസനാണ്** സോഫിയയുടെ സൃഷ്ടാവ്.

കണ്ടും കേട്ടും മനസ്സിലാക്കുക, അവസരത്തിനൊത്ത് പ്രവർത്തിക്കുക തുടങ്ങിയ പ്രത്യേകതകൾ യന്ത്രങ്ങളിൽ ഉപയോഗിക്കുന്ന സൂത്രവിദ്യയാണ് **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്** അഥവാ **കൃത്രമ ബുദ്ധി.** ഈ സാങ്കേതിക വിദ്യയുടെ ഏറ്റവും നൂതനമായ ആവിഷ്കാരമാണ് സോഫിയയിലുള്ളത്. ഏകദേശം 1955-ഓടെയാണ് കൃത്രമ ബുദ്ധി എന്ന ആശയവും തുടർന്നുള്ള നിരവധി കണ്ടുപിടുത്തങ്ങളും കടന്നു വരുന്നത്.ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പിതാവായി കണക്കാക്കപ്പെടുന്നത് **പ്രൊഫ. ജോൺ മക്കാർത്തി**യെയാണ്. 1971-ൽ കമ്പ്യൂട്ടർ സയൻസിന്റെ പരമോന്നത ബഹുമതിയായ **ടൂറിംഗ്** അവാർഡ് ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

റോബോട്ടുകളുടെ രൂപകൽപ്പന, നിർമ്മണം, പ്രവർത്തനം, സാധ്യതകൾ എന്നിവയെക്കുറിച്ച് പഠിക്കുന്ന ശാസ്ത്ര ശാഖയാണ് **റോബോട്ടിക്സ്.** ലോകത്തിലെ ആദ്യത്തെ റോബട്ട് എന്ന് വിശ്വസിക്കുന്നത് B.C.450-ൽ ഗ്രീക്ക് ഗണിത ശാസ്ത്രജ്ഞനായ ആർച്ചിറ്റാസ് നിർമ്മിച്ച **'The Pegion'** എന്ന യന്ത്രപ്പക്ഷിയെയാണ്. 1954-ൽ ജോർജ് ഡെവൽ വികസിപ്പിച്ചെടുത്ത **'യൂണിമേറ്റ്'** ആണ് ലോകത്തിലെ ആദ്യത്തെ കോമേഴ്സ്യൽ ഡിജിറ്റൽ പ്രോഗ്രാമബിൾറോബോട്ട്. ഹ്യൂമനോയ്ഡ് റോബോട്ടുകളുടെ ചരിത്രത്തിലെ വഴിത്തിരിവായ റോബോട്ടാണ് 2000 ൽ ഹോണ്ട വികസിപ്പിച്ച **'അസിമോ'** .ശാസ്ത്രം ഓരോ ചുവട് മുന്നോട്ട് വയ്ക്കുമ്പോഴും മനുഷ്യനും റോബോട്ടും തമ്മിലുള്ള അകലം കുറഞ്ഞ് വരികയാണ്. നമുക്കതിനായി കാത്തിരിക്കാം....

# ചിത്രശലഭം



ശലഭങ്ങൾക്കെന്തു ഭംഗിയാണമ്മേ
പലതരം ശലഭങ്ങൾ
പൂക്കളിലിരിക്കുമ്പോൾ
അയ്യയ്യാ എന്ത് രസമാണമ്മേ
പുള്ളിയുടുപ്പിട്ട ചിത്രശലഭമേ
നിനെക്കെവിടുന്ന് കിട്ടിയീ
പുള്ളിയുടുപ്പ്
നീലയുക്കുള്ളിൽ വെളുത്തമുത്തും
മഞ്ഞയുക്കുള്ളിൽ ചുവപ്പ് മുത്തും
നിനക്കെന്തൊരു ചേലാണ് ശലഭമേ
പൂക്കളിലിരിക്കുമ്പോൾ എന്തു ചേല്
പാറിപ്പറക്കുമ്പോൾ എന്തുചേല്
എവിടുന്ന കിട്ടിയീ പുള്ളിയുടുപ്പ്
നിനക്ക് എവിടുന്ന കിട്ടിയീ പുള്ളിയുടുപ്പ്
ശലഭമേ ......ശലഭമേ .........

പറയൂ നീ പറയൂ



ANAGHA. S

IX B

# ജീവിതയാത്ര



LEKSHMI .S
9A

ഒരു മനുഷ്യൻ തന്റെ ജീവിതയാത്ര ആരംഭിക്കുന്നത് അവന്റെ അമ്മയുടെ ഉദരത്തിൽ നിന്നാണ്. ആ യാത്ര അവന്റെ ജീവിതാവസാനത്തിൽ സ്തംഭിക്കുന്നു. അമ്മയുടെ ഉദരത്തിൽ നിന്നു തന്നെ അവൻ അവന്റെ ഭാവി ഗ്രഹിച്ചു കൊണ്ടാണ് അറിവിന്റെയും നിറവിന്റെയും ഈ ലോകത്ത് എത്തുന്നത്. തന്റെ കുടുംബത്തിൽ നിന്നാണ് അവൻ തന്റെ ജീവിതയാത്രക്കുള്ള ശക്തിയാർജിക്കുന്നത്. തന്റെ മാതാപിതാക്കൾ നൽകുന്ന അമൂല്യമായ വാത്സല്യവും അറിവുകളും മുത്തശ്ശിയും മുത്തശ്ശനും പറഞ്ഞു തരുന്ന കഥകളും കവിതകളും പരിസ്ഥിതിയിൽ നിന്നുള്ള പാഠങ്ങളും എല്ലാമാണ് അവന്റെ ബാല്യം.

കൂട്ടുകാരോടൊപ്പം പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി കഴിഞ്ഞാൽ അവൻ അവന്റെ ജീവിതയാത്രയിലെ അടുത്ത പടി ചവിട്ടുകയാണ്. തന്റെ ബാല്യകാലം വിട്ട് അവൻ കൗമാരകാലത്തേക്ക് യാത്രയാരംഭിച്ചിരിക്കുന്നു. ബാല്യത്തിൽ മാതാപിതാക്കൾക്ക് തന്നോടുള്ള കരുതലിന്റെയും വാത്സല്യത്തിന്റെയും ലക്ഷ്മണരേഖമറികടന്നുകൊണ്ട് അവൻ അപകടത്തിന്റെ മുൻപിൽ എത്തി ചേരുന്നു .അവൻ തന്റെ സ്കൂൾ ജീവിതം തികച്ചും തന്റെ കൂട്ടുകാരോടപ്പം ആസ്വദിക്കുന്നു .മാതാപിതാക്കളോട് തന്റെ കാര്യങ്ങൾ അവൻ പങ്കു വയ്ക്കുന്നില്ല .അവൻ അവ തന്റെ പ്രിയപ്പെട്ടവർ  എന്ന് കരുതുന്ന കൂട്ടുകാരോട് പറയുന്നു.അവന്റെ മനസ്സിൽ മാതാപിതാക്കളറിയാത്ത ഒരുപാടു കാര്യങ്ങൾ നിറയുന്നു.കൗമാരകാലത്തിൽ അവൻ മറ്റാരോ ആയി മാറുന്നു .മാതാപിതാക്കളെക്കാൾ വിശ്വാസം സുഹൃത്തുക്കളിൽ  അർപ്പിക്കുന്നു.പ്രലോഭനങ്ങളിൽ വഴുതി വീഴുകയും ,സാമൂഹിക മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്നവരെ അനുകരിക്കാൻ ശ്രമിക്കുകയും ,മൊബൈൽ ഫോൺ  ടീവി  എന്നീ മാധ്യമങ്ങളോട് കൂടുതൽ അടുക്കുകയും  തന്റെ മനസ്സിൽ സൗന്ദര്യ ബോധം മാത്രമാകുകയും പഠനത്തിൽ പിന്നോട്ടാകുകയും ചെയ്യുന്നു.തന്റെ സുഹൃത്തുക്കൾ നല്ലതോ ചീത്തയോ എന്നുപോലും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ അവൻ മാറുന്നു .അവന്റെ സ്വഭാവവും വ്യക്തിത്വവും മനസ്സിന്റെ സൗന്ദര്യവും എല്ലാം നഷ്ടപ്പെടുന്നു.പലപ്പോഴും മയക്കുമരുന്നിന്റെ പിടിയിൽ പെട്ട് രക്ഷപെടാനാകാതെ ഒരു കൂട്ടിൽ നിർബന്ധപൂർവം അടയ്ക്കപ്പെട്ട  ഒരു കിളികുഞ്ഞിന്റെ കൂട്ടവനും അങ്ങോട്ടും ഇങ്ങോട്ടും മാറിയും തിരിഞ്ഞും ഏങ്ങലടിക്കുകയാണ്.ഓരോ വിപത്തിന്റെ പിടിയിൽപ്പെട്ടു ജീവിതയാത്ര അവിടെത്തന്നെ ത്തീരുന്നു .

നാം നല്ല ദൃഢ നിച്ഛയം ഉള്ളവരാണെങ്കിൽ ഒരിക്കലും ഒന്നിന്റെയും മാരകമായ കുടുക്കിൽ വന്നു വീഴില്ല.എല്ലാ പ്രശ്നങ്ങളെയും പോസിറ്റീവ് ആയി ചിന്തിച്ചു ,നമ്മുടെ ഉള്ളിലുള്ള കാര്യങ്ങൾ മാതാപിതാക്കളോട് പങ്കുവെച്ചു, നന്നായി പഠിച്ചു, മുതിർന്നവരോട് ബഹുമാനത്തോട് പെരുമാറി ഈ ജീവിതയാത്രയെ വഴിതെറ്റാതെ  മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും.എന്തുവന്നാലും അതിനെ നേരിട്ട് വിജയം കണ്ടെത്തി  നാം മുന്നേറണം .പാതിവഴിയിൽ ഒരിക്കലും നമ്മുടെ ജീവിതയാത്ര നിലക്കരുത്.മാതൃകാ ജീവിതം നയിച്ച് അത് പൂർണമാക്കണം.

# ചോദ്യങ്ങൾ....ഉത്തരങ്ങൾ............

*ദേവിക അജയൻ*

*9 ബി*



1) ഇന്ത്യയുടെ മൗലികാവകാശങ്ങൾ രൂപപ്പെടുത്തുന്നതിൽ സ്വാധീനം ചെലുത്തിയ ഭരണഘടന ഏത് രാജ്യത്തിന്റെതാണ്?

   അമേരിക്ക

2) ഇന്ത്യൻ ഭരണഘടനയുടെ ശിൽപി ആര്?

   Dr. B. R. അംബേദ്കർ

3) രക്തസാക്ഷി ദിനം എന്ന്?

   ജനുവരി 30

4) കേരളത്തിലെ ആദ്യ സർവകലാശാല?

   കേരള സർവകലാശാല

5) `ഒറൈസ സറ്റൈവ´ ഏതു വിളയുടെ ശാസ്ത്ര നാമമാണ്?

   നെല്ല്

6) കേരള സർവകലാശാലയുടെ ആദ്യ നാമം?

   തിരുവിതാംകൂർ സർവകലാശാല

7) പ്രകാശം ഒരു വൈദ്യുതകാന്തിക തരംഗമാണെന്ന് സ്ഥിരീകരിച്ച ശാസ്ത്രജ്ഞൻ ആര്?

   ഹെൻറിച് ഹെർട്സ്

8) പ്രകാശത്തിന്റ കണികാ സിദ്ധാന്തം ആവിഷ്കരിച്ച ശാസ്ത്രജ്ഞൻ?

   സർ ഐസക് ന്യൂട്ടൻ

9) ഇന്ത്യയുടെ ഭാഗമായുള്ള ഏറ്റവും വലിയ ദ്വീപ് സമൂഹം ഏത്?

   ആന്റമാൻ-നിക്കോബാർ

10) മണ്ണിന്റെ അമ്ലവീര്യം കുറയ്ക്കാൻ ഉപയോഗിക്കുന്ന പദാർത്ഥം?

   കുമ്മായം

11) ഒരു വ്യക്തിയുടെ പേരിൽ കേരളത്തിൽ തുടങ്ങിയ ആദ്യ സർവകലാശാല?

   മഹാത്മാഗാന്ധി സർവകലാശാല

12) ഏതു സൂക്ഷ്മ കണങ്ങൾ കൊണ്ടാണ് പ്രകാശം നിർമ്മിക്കപ്പെട്ടിരിക്കുന്നത്?

   ഫോട്ടോണുകൾ

# കണ്ടൽക്കാടുകൾ-പ്രകൃതി സംരക്ഷണവും ആവാസ വ്യവസ്ഥയും (എന്റെ കണ്ടൽ അനുഭവങ്ങൾ)

ഞാൻ ദർശ് .ആർ.എസ് .അമ്പാടി.തൊടിയൂർ ജി .എച്ച് .എസി ലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥി.കണ്ടലിന്റെ വിത്തുകൾ എന്റെ മനസ്സിൽ ആദ്യമായി പാകിയത് ഞങ്ങളുടെ കുടുംബ സുഹൃത്തായ ക്ലാപ്പന സ്വദേശി ദേവദാസ് സാറായിരുന്നു.അന്ന് ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുന്നു.പല കാരണങ്ങളാൽ ഈ അറിവ് അനുഭവവേദ്യമാക്കാൻ എനിക്ക് കഴിഞ്ഞില്ല. പിന്നീട് ഞാൻ അഞ്ചാം ക്ലാസിൽ എത്തിയപ്പോൾ ഞങ്ങളുടെ അടിസ്ഥാനശാസ്ത്ര പുസ്തകത്തിലെ ആദ്യപാഠമായി "സസ്യലോകത്തെ അടുത്തറിയാം" എത്തി.ഈ പാഠത്തിലൂടെ യാണ് എന്റെ ക്ലാസ്സ് ടീച്ചർ കൂടിയായ ഹസീനടീച്ചർ എന്നെ കണ്ടല്ക്കാടുകളിലേക്കു അടുപ്പിച്ചത്.ടീച്ചർ തന്ന അസൈൻമെന്റ് ചെയ്യുന്നതിനായി എന്റെ അച്ഛൻ വീട്ടിലെ പുസ്തകശേഖരത്തിൽ നിന്നും "കണ്ടൽകാടുകൾക്കിടയിൽ എന്റെ ജീവിതം"-കല്ലേൻ പൊക്കുടൻ, "കണ്ടലുകളും കാവുകളും"- ഡോ.എ.മോഹൻദാസ്, "കേരളത്തിലെ കണ്ടലുകളും കണ്ടൽ സഹകാരികളും" -ഡോ .ടി.എൻ ജയകുമാരി,ആർ.വിനോദ്കുമാർ എന്നീ പുസ്തകങ്ങൾ പരിചയപ്പെടുത്തി.പിന്നീട് ഞാനും കുടുംബവും ഞങ്ങളുടെ അടുത്തുള്ള കണ്ടൽക്കാടുകൾ(ആയിരംതെങ്ങ്, മണ്റോതുരുത്ത്) സന്ദർശിച്ചു. അവിടെ എന്നെ കാത്തിരുന്നത് ഒരത്ഭുതലോകമായിരുന്നു. തീരദേശത്തിന്റെ കാവൽഭടന്മാർ,ആവാസവ്യവസ്ഥ,ജീവശ്വാസത്തിന്റെ ദാതാക്കൾ ഇങ്ങനെ എത്രയെത്ര വിശേഷണങ്ങൾ ഉള്ള കണ്ടലുകളെക്കുറിച്ച ഏകദേശം ഞാൻ മനസ്സിലാക്കി.അസൈൻമെന്റ് പൂർത്തിയാക്കി എന്റെ ടീച്ചറിന് നൽകുമ്പോൾ എന്റെ മനസ്സ് നിറയെ ഈ അത്ഭുതലോകത്തെക്കുറിച്ച് മറ്റുള്ളവരെക്കൂടി അറിയിക്കണം എന്ന ഒരു ചിന്ത മാത്രമായിരുന്നു.

അങ്ങനെയിരിക്കെ ശാസ്ത്രമേള വന്നെത്തി.ഞാൻ കണ്ടൽക്കാടുകൾ എന്ന ആശയം മുന്നോട്ടു വച്ചു.പൂർണ പിന്തുണയോടെ എന്റെ ടീച്ചറും കുടുംബാംഗങ്ങളും എന്റെ കൂടെ നിന്നു .അങ്ങനെ ഞാനും എന്റെ സുഹൃത്തായ അനന്ദുവും കൂടി "കണ്ടൽക്കാടുകൾ-പ്രകൃതി സംരക്ഷണവും ആവാസ വ്യവസ്ഥയും " എന്ന വിഷയം ഗവേഷണ വിഭാഗത്തിൽ ഉൾപ്പെടുത്തി അവതരിപ്പിച്ചു.ഏകദേശം നന്നായിത്തന്നെ അവതരിപ്പിച്ചു എന്നാണ് എന്റെ വിശ്വാസം.സമ്മാനങ്ങളെക്കാൾ അവിടെ എത്തിച്ചേർന്നവരുടെ വാക്കുകളിൽ നിന്നും എന്റെ ഉദ്യമം വിജയിച്ചു എന്നെനിക്കു ബോധ്യമായി.ഏറെ മാധുര്യം നൽകിക്കൊണ്ട് വൈകുംന്നേരം റിസൾട്ട് വന്നു.എന്റെ സ്കൂളിന് അഭിമാനമായി ഞങ്ങൾ ഒന്നാംസ്ഥാനം നേടി.ഇതിനെന്നെ പ്രാപ്തരാക്കിയ എല്ലാവരെയും ഞാൻ നന്ദിയോടെ ഓർക്കുന്നു..മാത്രമല്ല ,ഒരു കൊച്ചു കല്ലേൻ പൊക്കുടൻ ആകാനുള്ള ആഗ്രഹം ഞാനിപ്പോഴും മനസ്സിൽ സൂക്ഷിക്കുന്നു.കണ്ടലുകളെ തേടിയുള്ള എന്റെ യാത്ര തുടരുന്നു.സ്നേഹത്തോടെ ....



ദർശ് .ആർ.എസ് .അമ്പാടി

5A



# 19-TIMES TABLE



Step:1
Write odd number up to 19



ADILA JASMINE
9A

| |
|---|
| 1 |
| 3 |
| 5 |
| 7 |
| 9 |
| 11 |
| 13 |
| 15 |
| 17 |
| 19 |

Step:2.In front of odd no. Write 9 to 0 in descending order

| | |
|---|---|
| 19 | =19x 1 |
| 38 | =19x2 |
| 57 | =19x3 |
| 76 | =19x4 |
| 95 | =19x5 |
| 114 | =19x6 |
| 133 | =19x7 |
| 152 | =19x8 |
| 171 | =19x9 |
| 190 | =19x10 |

# NINE (9) IS FINE

The largest single digit number is 9.It has many fascinating characteristics .Here we see some of these.

Consider the nine times table

| Multiplication | Digit-Sum of product |
|---|---|
| 9x1=9 | 9 |
| 9x2=18 | 1+8=9 |
| 9x3=27 | 2+7=9 |
| 9x4=36 | 3+6=9 |
| 9x5=45 | 4+5=9 |
| 9x6=54 | 5+4=9 |
| 9x7=63 | 6+3=9 |
| 9x8=72 | 7+2=9 |
| 9x9=81 | 8+1=9 |
| 9x10=90 | 9+0=9 |

Here is something to do with angle measure

Sum of digits

Complete angle = $360^0$ 3+6+0=9

Straight angle = $180^0$ 1+8+0=9

A right angle = $90^0$ 9+0=9

Half of a right triangle=$45^0$ 4+5=9

Half of $45^0$ =$22.5^0$ 2+2+5=9

## AN OLD COUPLE IS SITTING ON A BENCH LOOKING THE BEAUTY OF SUNSET.



DEVIKA.V.J
9A

Once there were a couple lived, John and their marriage was done by the great opposition of their parents .John had a good job,he was the manager a multi international company and they lead a happy life. John was very busy with his job but whenever he got some time, that time he spent with Anna, it makes Anna too glad. She likes to see sunset with him.

There were always a bench waiting for the beautiful couple. They sat there and dreamt about their future, they wants a baby on their life to fulfill their dreams. God blessed them, she conceives and after some months gave birth to a baby. They consider the baby as the gift from God.The baby was a princess for them. They named her Joan. At the steps of her growth, the dreamt about the future of Joan and decided to gave her most happiness. After long days she passed the teenage now she is in the age of marriage, so many proposals arrived. John and Anna wants the best for Joan, finally they find and fix a guy as their son-in-law, he was an American citizen had good job and well settled. Joan get married with him. She goes with her husband to America . At that house John and Anna were alone . They thinks Joan will come . But nothing happened. She never thought about the old couple. She was in a new jolly mood. After long days she came to her house the couple were felt happy. She said that"Dad and Mom please come with me " they agreed to came with her because they lives only for her. But an unexpected thing happens she took them to a orphanage. The old couple's mind was very sad. But they ready to stay there because their daughter kept them to there.

In every evening the old couple went to seashore and sat on a bench and looking the beauty of sunset with the hope, one day their daughter will came to kept them with her. Every evening was a hope for the old couple.

# THE WATER IN THE POOL

Emperor krishnadevaraya was proud of the magnificent garden in front of his palace. Once he decidedto embellish it with a new pool in the centre. Expert workmen were called in, and the pool was constructed in a short time. Its bottom and the inner side of its walls were lined with mirrors. Water, as clear as crystal, flowed into it through hidden underground pipes.

The Emperor called his courtiers to have a look at his new creation. They were all sycophants, whose only anxiety was to please the emperor. So when the emperor asked them what they thought of the pool, they vied with one another to praise it to the skies.

One of them said:"The water in this celestial pool resembles a beautiful young lady, so attractive it is. " Another said:"The water in this most beautiful pool is truly as clear as the water in god Indra's heavenly reservoir. "

The Emperor remarked,"I have never heard that god Indra has a reservoir in heaven".Then tyrning to another courtier, he said, "What is your opinion? " The courtier replied that the water in the pool was, like the mind of a yogi, pure and serene.

Raman was disgusted when he heard all the flattery. So when the emperorasked him for his opinion he replied: "Your Majesty, it seems to me that the water in this pool looks like water. "

After this, the courtiers remained silent. The Emperor commented: "Three of you have poetic, but Raman alone has been honest". He thus praised Raman, without displeasing the other courtiers.

Compiled by

ANAGHA

10 A

TELL ME WHY

## IS THERE AN ANIMAL WITH ONLY ONE EYE ?

YES. THERE IS ONE GROUP OF ANIMAL THAT HAVE ONLY ONE EYE. THESE CREATURES ARE KNOWN AS CYCLOPS. THEY BELONG TO THE SAME FAMILY AS THAT OF THE SHRIMP AND LOBSTER. BUT UNLIKE THEM CYCLOPS ONLY HAVE ONE EYE.

EVEN THOUGH ITS NAME IS A LITTLE SCARY, THE CREATURE IS NOT SCARY AT ALL. IN FACT, IT IS VERY SMALL IN SIZE AND YOU WILL NEVER SEE ONE THAT IS MORE THAN TWO CENTIMETERS IN LENGTH. THE EYE OF THE CYCLOPS IS A MEDIAN EYE, THAT IS, ONE WHICH HELPS IN DETECTING THE CHANGES IN LIGHT. IT IS SITUATE NEAR THE TOP OF THE HEAD, BETWEEN ANTENNAE.

THERE IS ONE MORE INTERESTING FACT ABOUT CYCLOPS. IT GOT ITS NAME FROM THE MYTHICAL RACE OF ONE -EYED GIANTS CALLED CYCLOPS.

AYOOBKHAN.S
*9A*

## Why is your school bus painted yellow ?

The yellow colour of a school bus is not just for looks. In india, all school buses are painted yellow, as this is mandatory by law.This is also for greater safety. In fact, yellow is the most visible colour to the eyes. Also because of its somewhat illuminating nature, the color yellow is relatively more visible in dim light. This means if there is any kind of bad weather, drivers will still be able to identify a yellow- coloured school bus easily. Apart from all
this, scientists claim that we are 1.24 times more likely to sport a yellow object, even when we are not looking straight at it.

DEVANARAYANAN
*9B*

## WHY ARE SOME CRICKETERS LIKE SHIKHAR DHAWAN LEFT- HANDED ?

OUR BRAIN HAS TWO HALVES -ONE RIGHT AND THE OTHER LEFT GENARALLY THE LEFT HALF OF THE BRAIN IS PREDOMINENT OVER THE RIGHT HALF . AND THE BRAIN'S LEFT OF OUR BODY
HENCE, THE RIGHT HALF OF THE BODY IS USUALLY MORE SKILLED TO DO VARIOUS ACTIVITIES. AND THIS MAKES THIS MOST OF US RIGHT HANDED
BUT, IN SOME PERSON THE RIGHT HALF OF THE BRIAN IS PREDOMINANT, AND THEY WORD BEST WITH THE LEFT SIDE OF THE BODY. THAT`S WHY SOME PEOPLE ARE LEFT-HANDED.
SO, YOU COULD SAY SHIKHAR DHAWAN IS LEFT-HANDED BECAUSE HE IS RIGHT BRAINED

AJMAL.N 9A




VAISHNAV **5A**



AL SHIFANA **9A**







ADILA JASMINE 9A




DEVIKA.V.J 9A




VAISHNAV **5A**


















**ANAGHA.S**
**9B**




1870 നും 1950 നുമിടയ്ക്ക് ജനിച്ച പ്രമുഖ
മലയാള കവികൾ
പെൻസിൽ ചിത്രങ്ങളിലൂടെ
V B DAS
PONNANI



കടപ്പാട്

## ഫലശ്രുതി



സൂതരേ, മഗധരേ, അതു കൊണ്ട് കുരുവംശത്തിന്റെ ഗാഥകൾ നമുക്കിനിയും പാടാം. കുരുവിനെയും കുരു പുത്രൻ പ്രതീപിനെയും വാഴ്ത്താം. പ്രതീപ പുത്രൻ ശന്തനുവിനെ വാഴ്ത്താം. നമുക്ക് ഗംഗയെ വാഴ്ത്താം. പിറവിയും പ്രേമവും പാപവും മരണവും കണ്ട വിഷ്ണു പദോദ്ഭവയായ ഗംഗയെ വാഴ്ത്താം.ഗംഗയിൽ ശന്തനുവിനുണ്ടായ അതി വിഖ്യാത പുത്രൻ, വ്രത കാഠിന്യം കൊണ്ട് ദേവകളെക്കൂടി അമ്പരിപ്പിച്ച മഹാപുരുഷൻ ഭീഷ്മരെ വാഴ്ത്താം. മത്സ്യഗന്ധിയിൽ ശന്തനുവിനു പിറന്ന വിചിത്രവീര്യനെ വാഴ്ത്താം. വിചിത്രവീര്യ ക്ഷേത്രങ്ങളിൽ 'കൃഷ്ണദ്വൈപായനി യോഗത്തിൽ പിറന്ന ധൃതരാഷ്ട്രരെയും പാണ്ഡുവിനെയും വാഴ്ത്താം.കൃഷ്ണദ്വൈപായനവ്യാസൻ ദാസിക്കു കനിഞ്ഞേകിയ ധർമ്മതുല്യൻ വിദുരരെ വാഴ്ത്താം.

പിന്നെ നമുക്ക് യുധിഷ്ഠിരനെ വാഴ്ത്താം.

ചാന്ദ്രവംശത്തിലെ സംവരണന് സൂര്യപുത്രി തപതിയിലുണ്ടായ കുരുവിനെ നമുക്ക് വാഴ്ത്താം.

തോഴരേ, സൂര്യചന്ദ്രവംശമഹിമകൾ നമുക്കിനിയും പാടാം......

(രണ്ടാമൂഴം)

എം.ടി

" അരങ്ങ് ഒരു ഓർത്തെടുക്കൽ മാത്രമാണ്. പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ഒരു തലമുറക്ക് കൈമാറിയ അനുഭവങ്ങളുടെ ഒരു കുറിപ്പ്.. നവോത്ഥാന മൂല്യങ്ങളുടെ പ്രസരിപ്പും ഭരണ്ഘടനാ മൂല്യങ്ങളുടെ കരുതലും ശാസ്ത്ര ബോധത്തിന്റെ കരുത്തും മാനവികതയുടെ സന്ദേശവും സാംസ്കാരത്തിന്റെ പൈതൃകവും സാഹിത്യത്തിന്റെ പ്രണയവും പ്രതിഷേധവും ക്രിയാത്മകതയുടെ വലിയ മാനവും പേറുന്ന ഒരു കുറിപ്പെഴുത്ത്... "

**KITE MASTERS**

**JISHNU RAJ**
**VINCY PAPPACHAN**